## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 373** 10.06.2014-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ വൈദ്യുതി ഉപയോഗം

| ചോദ്യം<br>ശ്രീ. കെ. രാജു : | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആകെ വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) | ലഭ്യമായ കണക്കനുസരിച്ച് ഏകദേശം 1.12 കോടി എൽ. റ്റി. ഉപഭോക്താക്കളുണ്ട്. |
| (ബി) | ഗാർഹിക ഉപഭോക്താക്കൾക്കായി മാത്രം പ്രതിദിനം ആവശ്യമായിവരുന്ന വൈദ്യുതിയുടെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) | പ്രതിദിനം ശരാശരി 24.25 ദശലക്ഷം യൂണിറ്റ്. |
| (സി) | സംസ്ഥാനത്ത് വൈദ്യുതി മോഷണം നടക്കുന്നതായുള്ള എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ആയതിന്മേൽ കൈക്കൊള്ളുന്ന ശിക്ഷാ നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനത്ത് വൈദ്യുതി മോഷണം നടക്കുന്നതായുള്ള നിരവധി കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ മാത്രം 386 വൈദ്യുതി മോഷണ കേസുകൾ ബോർഡിന്റെ എ.പി.റ്റി.എസ്സ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്.<br>വൈദ്യുതി മോഷണം നടത്തിയതായി കണ്ടെത്തിയാൽ അത്തരം ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം ഉടൻ വിച്ഛേദിക്കുന്നതാണ്.<br>വൈദ്യുതി നിയമം, 2003 അനുശാസിക്കുന്ന പ്രകാരം വൈദ്യുതി മോഷണത്തിന് പിഴ ചുമത്തുന്നതോടൊപ്പം ഉപഭോക്താവിനെതിരെ ക്രിമിനൽ കേസും രജിസ്റ്റർ ചെയ്യുന്നതാണ്. ഉപഭോക്താവ് പിഴ തുക ഒടുക്കിയാൽ 48 മണിക്കൂറിനുള്ളിൽ വൈദ്യുതി ബന്ധം പുനസ്ഥാപിക്കണം. ഉപഭോക്താവ് ആദ്യമായി വൈദ്യുതി മോഷണം നടത്തുകയാണെങ്കിൽ അത്തരം കേസുകളിൽ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കിക്കൊണ്ട് ക്രിമിനൽ നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**